STIPEND TO DEPRESSED CLASS STUDENTS

274. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) കോളേജിൽ പഠിക്കുന്ന എത്ര അധഃകൃത വിദ്യാർത്ഥികൾക്ക് കൊല്ലംതോറും സഹായധനം കൊടുക്കുന്നതിനു ഗവണ്മേണ്ടിൽനിന്നും ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ വിദ്യാഭ്യാസ വർഷത്തിൽ എത്ര അധഃകൃതകുട്ടികൾ കോളേജിൽ പഠിക്കുന്നുണ്ട്;

(സി) അവർ എല്ലാവരും മഹാരാജസ് കോളേജിൽ തന്നെയാണോ അദ്ധ്യയനം നടത്തുന്നത്, അല്ലെങ്കിൽ ഏതേത് കോളേജിൽ എത്രയെത്രപേർ?

മിസ്റ്റർ പറമ്പിലോനപ്പൻ :

(എ) ഇരുപത് (൨൦).

(ബി) ൪൪.

(സി) അല്ല. സെൻറ് തോമാസ് കോളേജിൽ ൨. കാർമേൽ കോളേജിൽ ഏവ്വ. മഹാരാജാസ് കോളേജിൽ ൩൪.

COMPLAINTS REGARDING DEPRESSED CLASS COLONY FOR THONUKKARA

275. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) തലപ്പിള്ളി താലൂക്കിൽ തോണുക്കര വില്ലേജിൽ അധഃകൃതർക്ക് ഒരു കോളനി സ്ഥാപിക്കുന്നതിനു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നു അനുവദിച്ചു കിട്ടിയ തിരിച്ചു് അധഃകൃതർക്ക് കൊടുത്തിരുന്നു സർവ്വെ നമ്പർ സ്ഥലം ചേലക്കര രക്ഷാസൈന്യം ക്യാപ്റ്റനായ മിസ്റ്റർ സി. മത്തായി ബലമായി കൈവശപ്പെടുത്തിയിരിക്കുന്നതായി അറിയിച്ചും ടി സ്ഥലം തങ്കർക്കുതന്നെ വീണ്ടും അനുവദിച്ചു തരണമെന്ന് അപേക്ഷിച്ചും ആ വിടത്തെ അധഃകൃതർ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിലേക്ക് ഹരിജികൾ അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എതെല്ലാം തിയ്യതികളിലാണ്;

(സി) ഫോറസ്റ്റ്, റവന്യൂ എന്നീ വകുപ്പുകളിൽ ഏതു വകുപ്പിന്റെ അധികാരത്തിലുള്ളതാണ് ഈ സ്ഥലം;

(ഡി) ടി സ്ഥലം കോളനിക്ക് അനുവദിച്ചതു ഏതു തിയ്യതിയിലാണ്;

(ഇ) കോളനിക്ക് അനുവദിച്ച ഈ സ്ഥലം അപ്ലിഹ്റ്റ് ഡിപ്പാർട്ട്മെണ്ടിലേക്ക് എല്പിച്ചുകൊടുത്തതു ഏതുകൊല്ലത്തിലാണ്;

(എഫ്) പ്രസ്തുത സ്ഥലം രക്ഷാസൈന്യം ഉപദേശി ബലമായി കൈവശംവെച്ചിരിക്കുന്നതിനെക്കുറിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങളെ തുടർന്ന് ബഹുമാനപ്പെട്ട അധഃകൃതസംരക്ഷകൻ അവർകളോ, ബഹുമാനപ്പെട്ട ജനകീയമന്ത്രി അവർകളോ വല്ല നടപടികളും നടത്തുകയുണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതു നടപടികളാണ് എടുത്തിട്ടുള്ളതു?

മിസ്റ്റർ പറമ്പിലോനപ്പൻ :

(എ) ഉണ്ട്.

(ബി) (൧) ൧൯—൨—൧൯൨൦.

(൨) ൧൯—൩—൧൯൨൦.

(സി) റവന്യൂ ഡിപ്പാർട്ട്മെണ്ടിന്റെ കീഴിൽ.

(ഡി) ൧൯൪—൫ — ൧൯൩൫.

(ഇ) ൧൯൩൫-ൽ.

(എഫ്) ഉവ്വ്. അതിനെ സംബന്ധിച്ചു അവസാനതീരുമാനം ആയിട്ടില്ല.

DELAY IN THE SUPPLY OF BOOKS, ETC., TO DEPRESSED CLASSES STUDENTS

276. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ട് സദയം മറുപടിപറയുമോ.—

കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ അധഃകൃതവിദ്യാർത്ഥികൾക്ക് പുസ്തകം, സ്ലെയിറ്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുവാൻ വളരെയധികം താമസം നേരിട്ടുകയുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly